# ഹാൻസ് ക്രിസ്റ്റ്യൻ ആൻഡേഴ്സൻ

ആൻഡേഴ്സൻ കഥകളിലൂടെ പ്രശസ്തനായ ഡാനിഷ് എഴുത്തുകാരൻ. ദ അഗ്ലി ഡക്‌ലിങ്, ദ ലിറ്റിൽ മെർമെയ്ഡ് തുടങ്ങി കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെടുന്ന കഥകൾ ഇദ്ദേഹം എഴുതിയതാണ്. ഡെൻമാർക്കിലെ ഒഡാൻസ് പട്ടണത്തിലാണ് ഇദ്ദേഹം ജനിച്ചത്. ദ സ്നോക്വീൻ, തംബെലിന, ദ ലിറ്റിൽ മാച്ച്ഗേൾ തുടങ്ങിയവ മറ്റു കൃതികൾ. 150 ലേറെ ഭാഷകളിലേക്ക് ഇദ്ദേഹത്തിന്റെ കവിതകളും കഥകളും വിവർത്തനം ചെയ്തിട്ടുണ്ട്.

**3. പ്രകൃതിപാഠങ്ങൾ**

**'മണ്ണിന്റെ കിനാവുകൾ' എന്ന കവിതയിലൂടെ നമ്മൾ പരിചയപ്പെട്ടത് പ്രകൃതിയുടെ സൗന്ദര്യമാണ്. 'കാട്ടിലെ മഴ' എന്ന അനുഭവക്കുറിപ്പിലൂടെ മഴയുടെ സൗന്ദര്യവും ഡെയ്സിച്ചെടി എന്ന പാഠത്തിൽ പരസ്പരസ്നേഹത്തിന്റെ മനോഹരമായ ആവിഷ്കാരവും കാണാം.**

**ഈ മൂന്നു പാഠങ്ങളെ അടിസ്ഥാനമാക്കി 'പ്രകൃതിപാഠങ്ങൾ' എന്ന ഒരു ലഘു ഉപന്യാസം തയ്യാറാക്കൂ...**

**ഉത്തരമാതൃക**

വായിച്ചാലും വായിച്ചാലും തീരാത്ത ഒരു പുസ്തകമാണ് പ്രകൃതി. പ്രകൃതിയിലെ ഓരോ കാഴ്ചയും അനുഭവവും പകർന്നു തരുന്ന പാഠങ്ങൾ അനന്തമാണ്. പൂക്കളും ചെടികളും കിളികളും മരങ്ങളും മലയും മണ്ണും കാറ്റും നിലാവും എല്ലാം ചേർന്നൊരുക്കുന്നതാണ് പ്രകൃതിപാഠങ്ങൾ ഓരോന്നും. പ്രകൃതിയും മനുഷ്യരും മറ്റു ജീവജാലങ്ങളും ഒന്നുചേർന്നു നിൽക്കുമ്പോഴാണ് ഭൂമി മനോഹരമാകുന്നതെന്ന പാഠമാണ് പി. മധുസൂദനന്റെ 'മണ്ണിന്റെ കിനാവുകൾ' എന്ന കവിതയിലും ഇ. സോമനാഥിന്റെ 'കാട്ടിലെ മഴ' എന്ന കുറിപ്പിലും 'ഡെയ്സി ച്ചെടി' എന്ന ആൻഡേഴ്സൻ കഥയിലും ഉള്ളത്.

മണ്ണിന്റെ കിനാവുകളാണ് പൂക്കൾ എന്ന് കവി പറയുന്നു. വിവിധതരത്തിലുള്ള പൂക്കൾ ഭൂമിക്ക് സൗന്ദര്യം നൽകുന്നു. ഏതു ചൂടിലും വാടാതെ നിൽക്കുന്ന, ഏതിരുട്ടിലും പുഞ്ചിരിക്കുന്ന പൂക്കൾ മനുഷ്യനെ പഠിപ്പിക്കുന്ന പാഠം പ്രതിസന്ധികളെ എങ്ങനെ അതിജീവിക്കണമെന്നാണ്. ശുഭാപ്തിവിശ്വാസവും കരുത്തും ഊർജവും പൂക്കൾ നമുക്ക് പകർന്നു നൽകുന്നു.

കടുത്ത വേനലിൽ വറ്റിവരണ്ട പുഴകൾക്കും തീപിടിച്ചപോലെ ചുട്ടുപൊള്ളുന്ന കുന്നുകൾക്കും വേനൽച്ചൂടിൽ കത്തുന്ന കാടുകൾക്കും മുകളിൽ പെയ്തിറങ്ങുന്ന മഴ മണ്ണിനും മനസ്സിനും പകരുന്ന അനുഭൂതിയും കുളിർമയും കാട്ടിലെ മഴ എന്ന കുറിപ്പിൽ ഉണ്ട്. മരങ്ങളിൽ, ഇലകളിൽ, മണ്ണിൽ, പുഴയിൽ, നാനാതരം ജീവികളിൽ എല്ലാം മഴ പെയ്തതോടെ മാറ്റം ദൃശ്യമായി. മണ്ണിൽ ഉറങ്ങിക്കിടന്ന വിത്തുകൾ തളിരുകളായി പുറത്തേക്കുവരുന്നു. മണ്ണിന് പുതുജീവൻ കൈവരുന്നു. നിലാവും മഴത്തുള്ളികളും കാഴ്ചയുടെ പുതിയ ലോകം ഉണ്ടാക്കുന്നു. 'കാടിനും പുഴയ്ക്കും അവയുടെ ശബ്ദങ്ങൾ തിരിച്ചുകിട്ടുന്നു; പ്രഭാതമായതോടെ വർണ്ണങ്ങളും' എന്ന് ലേഖകൻ എഴുതുന്നു.

കാറ്റും മഴയും നിലാവും എല്ലാം ചേർന്നുവന്നപ്പോൾ വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ സസ്യജന്തുജാലങ്ങളും അത് ആഘോഷിച്ചു. ഏകത, ഐക്യം എവിടെയും ദൃശ്യമായി. കാട്ടിലെ ഈ മനോഹരദൃശ്യം പ്രകൃതിയെ അതിന്റെ തനിമയിൽ, സൗന്ദര്യത്തിൽ നിലനിർത്തണമെന്ന പാഠത്തിലേക്ക് നമ്മെ കൊണ്ടുപോകുന്നു.

'ഡെയ്സിച്ചെടി' എന്ന കഥ വാനമ്പാടിയും പൂവും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണ്. പ്രകൃതിയിൽ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധങ്ങളാണ് ലോകത്തെ നിലനിർത്തുന്നത്. നീലാകാശത്ത് പാറിപ്പറന്ന, മനോഹരമായ വാനമ്പാടി ഇടുങ്ങിയ കൂട്ടിൽ തടവിൽ കഴിയുന്നത് ഈ കഥയിലുണ്ട്. കൂട്ടിൽ കിടന്ന് അത് വിലപിച്ചത് പച്ചവയലിലെ ധാന്യമണികളെക്കുറിച്ചും സ്വതന്ത്രവും സന്തോഷകരവുമായ ആകാശത്തെ പറക്കലിനെക്കുറിച്ചുമാണ്. വാനമ്പാടിയോടൊപ്പം ഡെയ്സിച്ചെടിയും വാടിക്കൊഴിഞ്ഞ് ഇല്ലാതാകുന്നു.

ഒന്നിനെയും നശിപ്പിക്കാൻ നമുക്ക് അവകാശമില്ല. ഒന്നിന്റെയും സ്വാതന്ത്ര്യത്തെ ഹനിക്കാനും. പ്രകൃതിയിലെ ഏറ്റവും ചെറുതിനും സംരക്ഷണം നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പരസ്പരസ്നേഹത്തിന്റെ, സഹവർത്തിത്വത്തിന്റെ, സംരക്ഷണത്തിന്റെ, കരുതലിന്റെ പാഠങ്ങളാണ് ഈ മൂന്നു രചനകളും നമ്മെ പഠിപ്പിക്കുന്നത്. പ്രകൃതിയുടെ നാശം നമ്മുടെയും നാശത്തിനു കാരണമാകും. പ്രകൃതിയിലെ ഒന്നിനെയും വിലകുറച്ചു കാണാതെ, പ്രകൃതി ദ്രോഹ പ്രവൃത്തികളിൽ ഏർപ്പെടാതെ എല്ലാവരും ഭൂമിയുടെ അവകാശികളാണ് എന്ന ബോധ്യത്തിൽ നമുക്ക് ജീവിക്കാം.

# വാനമ്പാടി



പ്രശസ്ത പാട്ടുകാരികളെ നമ്മൾ വാനമ്പാടി എന്നു വിളിക്കാറില്ലേ. മധുരമനോഹരമായി പാടുന്ന പക്ഷിയാണ് വാനമ്പാടി. മുൾക്കാട്ടിലും പുൽമേട്ടിലും പുഴയോരത്തും താഴ്വരകളിലുമൊക്കെ വാനമ്പാടികളെ കാണാം. ഇലയും പ്രാണികളും പഴങ്ങളും ഇവ ആഹാരമാക്കാറുണ്ട്. ചാരനിറവും കറുപ്പും വെളുപ്പും ഇടകലർന്നതാണ് നിറം. പലയിനം വാനമ്പാടികളുണ്ട്. തലയിൽ തൊപ്പിപോലെയുള്ള ഇനം കൊമ്പൻ വാനമ്പാടി എന്നാണ് അറിയപ്പെടുന്നത്. ഇവയിലെ ആൺപക്ഷിയാണ് പാട്ടുകാർ.

**2. കുമാരനാശാൻ വീണുകിടക്കുന്ന പൂവിൽ മനുഷ്യജീവിതം ആരോപിച്ച് എഴുതിയ കവിതയാണ് വീണപൂവ്. ആരാലും ശ്രദ്ധിക്കപ്പെടാതെ നിന്ന ഡെയ്സിച്ചെടിയെക്കുറിച്ചുള്ള താണ് ഡെയ്സിച്ചെടി എന്ന കഥ. ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നവ കവിതയിലും കഥയിലുമൊക്കെ ഇടംപിടിക്കുന്നു. ഈ അഭിപ്രായം ഡെയ്സിച്ചെടി എന്ന കഥയെ അടിസ്ഥാന മാക്കി വിലയിരുത്തുക.**

നിറവും വലിപ്പവുമുള്ള ചെടികൾ മറ്റുള്ളവരുടെ ശ്രദ്ധ യിൽപ്പെടാൻവേണ്ടി മത്സരിച്ചുകൊണ്ടിരിക്കുമ്പോൾ ആരുടെയും ശ്രദ്ധയിൽപെടാതെ ഡെയ്സിച്ചെടി വേലി യരികിൽ ഒതുങ്ങിനിൽക്കുന്നത് കഥയിൽ കാണാം. സാധാരണഗതിയിൽ അങ്ങനെ നിൽക്കുന്നവയെ ആരും ശ്രദ്ധിക്കാറില്ല. പൂന്തോട്ടത്തിൽ ഭംഗിയിൽ വിരിഞ്ഞു നിൽക്കുന്ന പൂക്കളിലാകും ആളുകളുടെ ശ്രദ്ധ. ഈ ഡെയ് സിച്ചെടിയെക്കുറിച്ചാണ് ആൻഡേഴ്സൻ മനോഹരമായ കഥ എഴുതിയത്. ആരാലും ശ്രദ്ധിക്കപ്പെടാതെ പോകു ന്നത് കഥയിലും കവിതയിലും ഇടംപിടിക്കുന്നതിന് ഉദാ ഹരണമായി ഈ കഥ മാറുന്നു.

**3. ഡയറിക്കുറിപ്പ്**

**'രണ്ടു കുട്ടികളും പിറ്റേന്ന് പ്രഭാതത്തിലാണ് എത്തിയത്. മരിച്ചുകിടക്കുന്ന കിളിയെ നോക്കി അവർ വിലപിച്ചു. ഒരു ശവക്കുഴിയുണ്ടാക്കി അത് പൂക്കൾകൊണ്ട് അലങ്കരിച്ചു. ഒരു ചുവന്ന പെട്ടിയിൽ പക്ഷിയുടെ ശരീരംവച്ച് ശവസംസ്കാരം നടത്തി.'                (ഡെയ്സിച്ചെടി)**

**ദുഃഖിതരായ കുട്ടികളിലൊരാൾ അന്നേദിവസം എഴുതാ നിടയുള്ള ഡയറിക്കുറിപ്പ് തയാറാക്കുക.**

തീയതി

ഏറെ സങ്കടമുള്ള ദിവസമായിരുന്നു ഇന്ന്. ഒരു പക്ഷിയെ വളർത്താൻ കിട്ടിയതിന്റെ സന്തോഷമായിരുന്നു ഇന്നലെ ഞങ്ങൾക്ക്. പുതിയ കൂടുവാങ്ങി വാനമ്പാടിയെ അതിലിട്ടു. അത് പാടുവാൻ കൂട്ടാക്കിയില്ല. പക്ഷിയുടെ സങ്കടം മാറാനാണ് അതിനിഷ്ടപ്പെട്ട പൂവിനെക്കൂടി കിളിക്കൂട്ടിലെത്തിച്ചത്. മണ്ണോടുകൂടി പറിച്ചെടുക്കുമ്പോൾ പൂവും ചിരിക്കും എന്നു കരുതി. അവരെ അവിടെയാക്കിയിട്ട് ഞങ്ങൾ പോവുകയും ചെയ്തു. ഞങ്ങൾ ഒരു യാത്ര പോയതാണ്. ഇന്ന് രാവിലെയാണ് എത്തിയത്. വന്നപ്പോഴുണ്ട് കിളി മരിച്ചുകിടക്കുന്നു..ഏറെ മോഹിച്ചു വളർത്താൻ പിടിച്ചതാണ് അതിനെ. പക്ഷേ അതിന് തീറ്റയും വെള്ളവും കൊടുക്കാൻ മറന്നുപോയി. ഞങ്ങൾ ചെയ്തത് വലിയൊരു തെറ്റാണ്. ഇനിയൊരിക്കലും പക്ഷികളെ കൂട്ടിലടയ്ക്കില്ല. പൂന്തോട്ടത്തിലെത്തുന്ന കിളികൾക്ക് എന്നും വെള്ളവും തീറ്റയും കൊടുക്കും.

**4. ഒരു കൊച്ചുപൂവായതിലും പുല്ലുകൾക്കിടയിൽ വളരാൻ കഴിഞ്ഞതിലും ഡെയ്സിക്ക് സന്തോഷം തോന്നി.**
**സന്ദർഭം ഏതാണ്? വിശദമാക്കുക.**

ഒരു പൂന്തോട്ടത്തിന്റെ വേലിക്കരികിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ നിൽക്കുകയാണ് ഒരു ഡെയ്സിച്ചെടി. ഒരു വാനമ്പാടി ശബ്ദിച്ചുകൊണ്ട് താഴെയിറങ്ങി. അത് പറന്നുവന്നത് ഡെയ്സിച്ചെടിയുടെ അടുത്തേക്കാണ്. ഡെയ്സിച്ചെടിക്കു ചുറ്റും പാടിക്കൊണ്ട് നൃത്തംചെയ്തു. എന്നിട്ട് ആ കിളി സ്വയം പറഞ്ഞു: 'എന്തു മാർദ്ദവമുള്ള പുല്ല്! സ്വർണഹൃദയവും വെള്ളിയുടുപ്പും ഉള്ള എത്ര മനോഹരമായ കൊച്ചുപൂവ്!' ഡെയ്സി വളരെയേറെ സന്തോഷിച്ചു. കിളി പൂവിന് ഉമ്മ കൊടുത്തു. പാട്ടുപാടി. അത് നീലാകാശത്തിലേക്ക് പറന്നുയർന്നു. നാണത്തോടും സന്തോഷത്തോടും കൂടി ഡെയ്സി തോട്ടത്തിലെ മറ്റുപൂക്കളെ നോക്കി. മറ്റു പൂക്കളുടെ മുഖം കോപംകൊണ്ട് ചുവന്നു. ചിലർ അസൂയകൊണ്ട് മുഖംതിരിച്ചു. ഈ സന്ദർഭത്തിലാണ് ഒരു കൊച്ചു പൂവായതിലും പുല്ലുകൾക്കിടയിൽ വളരാൻ കഴിഞ്ഞതിലും ഡെയ്സിക്ക് സന്തോഷം തോന്നിയത്.